# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8063 | 17.07.2014 -ൽ മറുപടിക്ക്

## ജനനീ ശിശു സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. സാജു പോൾ :
ശ്രീമതി. കെ. കെ. ലതിക :
ശ്രീ. എം. ഹംസ :
,, എ. എം. ആരിഫ് :

(എ) ജനനീ ശിശു സുരക്ഷാ പദ്ധതിയുടെയും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ പദ്ധതിയുടെയും സംസ്ഥാനത്തെ പ്രവർത്തനം വിലയിരുത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) വിലയിരുത്തിയിട്ടുണ്ട്. എല്ലാ മാസവും സംസ്ഥാന തലത്തിൽ നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും ബ്ലോക്ക്തല യോഗങ്ങളിലും പ്രസ്തുത പദ്ധതിയെപ്പറ്റി (ജനനി ശിശു സുരക്ഷാ പദ്ധതി) ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടങ്ങൾക്കായി എല്ലാ തലങ്ങളിലും (സംസ്ഥാനം, ജില്ല, ബ്ലോക്ക്) പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് കൂടാതെ രോഗികളുടെ പക്ഷത്തു നിന്നും അവർക്ക് ലഭ്യമാകുന്ന സേവനങ്ങളെ വിലയിരുത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ഫോറം പൂരിപ്പിച്ചു വാങ്ങുകയും പ്രസ്തുത റിപ്പോർട്ട് ഉദ്യോഗസ്ഥർ വിലയിരുത്തി പോരായ്മകൾ കാണുന്ന പക്ഷം നടപടികൾ എടുക്കുകയും ചെയ്യുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്കൂൾ ആരോഗ്യ പദ്ധതി ആർ.ബി.എസ്.കെ. യുടെ ഭാഗമായാണ് പ്രവർത്തിച്ചു വരുന്നത്. സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നിയമിച്ച സ്കൂൾ ഹെൽത്ത് നേഴ്സുമാർ എല്ലാ ഗവൺമെന്റ്, ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലെ കുട്ടികളെയും വിശദമായി പരിശോധിച്ച് വേണ്ട ചികിത്സ ഉറപ്പു വരുത്തുന്നു. ഈ പദ്ധതിയുടെ പ്രവർത്തന അവലോകനം എല്ലാ മാസവും മുടങ്ങാതെ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടന്നുവരുന്നു. ജില്ലാതല അവലോകനം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലും

(.....2)

സംസ്ഥാനതല അവലോകനം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുമാണ് നടന്നുവരുന്നത്. ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള എല്ലാ ചികിത്സകളും പൂർണ്ണമായും സൗജന്യമാണ്.

(ബി) ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ട് ഈ പദ്ധതികൾ മുടങ്ങിയതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ജനനി ശിശു സുരക്ഷാ പദ്ധതി സുഗമമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകൾക്ക് കൊടുത്തിട്ടുണ്ട്.

(സി) പദ്ധതിയിലെ കേന്ദ്ര - സംസ്ഥാന ഫണ്ടിംഗ് രീതി അറിയിക്കാമോ ; ഈ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ നീക്കിവെച്ച തുകയുടെ വിശദവിവരം നൽകാമോ ?

(സി) രാഷ്ട്രീയ ബാൽ സ്വസ്ഥ്യ കാര്യക്രം (ആർ.ബി. എസ്.കെ) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷം സെപ്റ്റംബർ മാസം 21.5 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. സംസ്ഥാന സർക്കാരിന്റെ ധനസഹായം ആർ.ബി.എസ്.കെ. പദ്ധതിക്കായി നീക്കിവെച്ചിട്ടില്ല .

ജനനി ശിശു സുരക്ഷാ പദ്ധതിയുടെ ഭാഗമായി അമ്മയ്ക്കും കുഞ്ഞിനും ലഭ്യമാകുന്ന സേവനങ്ങളുടെ നടത്തിപ്പിനായി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായ് ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നീ സേവനങ്ങൾക്കാണ് കേന്ദ്ര ഫണ്ട് ഉപയോഗിക്കുന്നത്.

സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി തുക നീക്കി വച്ചിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ ജനനി ശിശു സുരക്ഷാ പദ്ധതി നടത്തിപ്പിനായി, അമ്മയ്ക്കും കുഞ്ഞിനും ഉള്ള സേവനങ്ങൾക്കായി 29.29 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ